**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 499** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കോളനികൾ ദത്തെടുക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ ഒരു നിയോജക മണ്ഡലത്തിൽ നിന്ന് ഒരു കോളനി വീതം ദത്തെടുത്ത് സമഗ്ര വികസനം യാഥാർത്ഥ്യമാക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ എന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ കോളനികൾ ദത്തെടുക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ വിവിധ നിയോജക മണ്ഡലങ്ങളിൽ പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്ത് കോളനികളുടെ സമഗ്ര വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ പ്രവർത്തനങ്ങൾ മുതലായവയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി മുഖേന നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത 94 കോളനികളിൽ 22 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കോളനികളിലെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ആയത് 31.03.2022നകം പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 2020-21 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 64 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രവർത്തികളുടെ നിർവ്വഹണം |

| | | | |
|---|---|---|---|
| | | | അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കുന്നത് സംബന്ധിച്ച് ഫയൽ സർക്കാർ പരിഗണനയിലാണ്. |
| (ബി) | ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്ത് പട്ടികവർഗ്ഗ കോളനികൾ ദത്തെടുക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ വിവിധ നിയോജക മണ്ഡലങ്ങളിൽ പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്ത് കോളനികളുടെ സമഗ്ര വികസനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിയന്തിരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ പ്രവർത്തനങ്ങൾ മുതലായവയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി മുഖേന നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത 94 കോളനികളിൽ 22 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കോളനികളിലെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ആയത് 31.03.2022നകം പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 2020-21 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 64 കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. പ്രവർത്തികളുടെ നിർവ്വഹണം അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കുന്നത് സംബന്ധിച്ച് ഫയൽ സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ